## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3462- 2018 മാർച്ച് 15-നുള്ള മറുപടിയ്ക്ക്

സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പ

| | ചോദ്യം<br>ശ്രീ.എ.പി.അനിൽകുമാർ | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | 2017-18 സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ ജീവനക്കാരുടെ ഭവന നിർമ്മാണ വായ്പയ്ക്കായി അനുവദിച്ചതിൽ ശേഷിക്കുന്ന തുക 2018 മാർച്ച് 31-ന് മുമ്പ് ജീവനക്കാർക്ക് നൽകുവാൻ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കാമോ; | 2017-18 സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയ്ക്കായി അനുവദിച്ചതിൽ ശേഷിക്കുന്ന തുക എത്രയും വേഗം നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സർക്കാർ ജീവനക്കാരുടെ ഈ വായ്പ നിർത്തലാക്കി ബാങ്കുകൾ നിശ്ചയിക്കുന്ന അധിക പലിശ നൽകി ബാങ്കുകളെ ഏൽപ്പിക്കുന്നതിനായുള്ള നീക്കം ഉദ്യോഗസ്ഥ തലത്തിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പ്രസ്തുത വിഷയം കൈകാര്യം ചെയ്യുന്ന ഫയലിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | നിലവിൽ ഇതുവരെ സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയ്ക്കായി അപേക്ഷിച്ച് അർഹരാണെന്ന് കണ്ട് മുൻഗണനാലിസ്റ്റിലുള്ള മുഴുവൻ ജീവനക്കാർക്കും സർക്കാർ തന്നെ ഭവന നിർമ്മാണ വായ്പ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ വശങ്ങളും വിശദമായി പരിശോധിച്ചതിനുശേഷം HBA യുടെ പുതിയ അപേക്ഷകൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതായിരിക്കും. |
| (സി) | നിലവിൽ ജീവനക്കാരൻ സർക്കാർ ഭവന വായ്പയ്ക്ക് നൽകുന്ന 8% പലിശ സർക്കാരിന് ലാഭകരമാണെന്നിരിക്കെ പൊതുമേഖലാ ബാങ്കുകൾക്ക് സർക്കാർ അധിക പലിശ നൽകി ഭവന നിർമ്മാണ പദ്ധതി ബാങ്കുകളെ ഏൽപ്പിക്കുന്നത് അഴിമതിയ്ക്കിടയാക്കുമെന്നത് പരിശോധിക്കുമോ? | |

സെക്ഷൻ ഓഫീസർ